**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5512** **15-03-2023 - ൽ മറുപടിയ്ക്ക്**

**ജലഗതാഗത വകുപ്പിലെ യൂണിഫോം ഏകീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ജലഗതാഗത വകുപ്പിൽ യൂണിഫോം ഏകീകരണം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | യൂണിഫോം ഏകീകരണം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | യൂണിഫോം ഏകീകരണം നടപ്പിലാക്കുന്നതിന് മുൻപ് ഓരോ കാറ്റഗറിയിലും ഉപയോഗിച്ചിരുന്ന യൂണിഫോം ഏതെല്ലാമായിരുന്നുവെന്നും അതിന് പകരം പുതുതായി ഏർപ്പെടുത്തിയ യൂണിഫോം ഏതെല്ലാമെന്നും കാറ്റഗറി തിരിച്ച് വിശദമാക്കാമോ; | (ബി) | **യൂണിഫോം ഏകീകരണം നടപ്പിലാ ക്കുന്നതിന് മുൻപ് ഉപയോഗി ച്ചിരുന്ന യൂണിഫോം**<br><br>സ്റ്റേഷൻ മാസ്റ്റർ - കാക്കി പാന്റ്, കാക്കി ഷർട്ട്<br><br>ചെക്കിംഗ് സ്റ്റാഫ് - കാക്കി പാന്റ്, കാക്കി ഷർട്ട്<br><br>ബോട്ട് മാസ്റ്റർ - കാക്കി പാന്റ്, കാക്കി ഷർട്ട്<br><br>ബോട്ട് ഡ്രൈവർ - കാക്കി പാന്റ്, കാക്കി ഷർട്ട്<br><br>ബോട്ട് സ്രാങ്ക് - കാക്കി പാന്റ്, കാക്കി ഷർട്ട്<br><br>ബോട്ട് ലാസ്കർ - നേവിബ്ലൂ പാന്റ്, നേവിബ്ലൂ ഷർട്ട്<br><br>**പുതുതായി ഏർപ്പെടുത്തിയ യൂണിഫോം**<br><br>സ്റ്റേഷൻ മാസ്റ്റർ, ചെക്കിംഗ് സ്റ്റാഫ്<br><br>കോട്ടൺ കാക്കി പാന്റ്, കോട്ടൺ വെള്ള ഷർട്ട്, ബ്രൗൺ ബെൽറ്റ്, ബ്രൗൺ സോളിഡ് ഷൂ, പേരും ഔദ്യോഗിക പദവിയും രേഖപ്പെടുത്തിയ നെയിംപ്ലേറ്റ്, ഷർട്ടിന്റെ ഷോൾഡറിൽ ഗ്രേഡ് അുസരിച്ചുള്ള ഗോൾഡ് കളർ സ്റ്റാർ.<br><br>ക്രൂ വിഭാഗത്തിന് (ബോട്ട് മാസ്റ്റർ, ബോട്ട് ഡ്രൈവർ, ബോട്ട് സ്രാങ്ക്, ബോട്ട് ലാസ്കർ<br><br>കോട്ടൺ കാക്കി പാന്റ്, കോട്ടൺ കാക്കി ഷർട്ട്, ബ്രൗൺ ബെൽറ്റ്, ബ്രൗൺ സോളിഡ് ഷൂ, പേരും ഔദ്യോഗിക പദവിയും രേഖപ്പെടുത്തിയ നെയിംപ്ലേറ്റ്, ഷർട്ടിന്റെ ഷോൾഡർ ഫ്ലാപ്പിൽ ഗോൾഡ് കളർ സ്റ്റാർ ചിഹ്നവും, ഗ്രേഡ് അനുസരിച്ചുള്ള ലൈനും. |
| (സി) | ബോട്ടുകൾ തകരാറിലാകുമ്പോഴും മറ്റ് പ്രശ്നങ്ങൾ | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | ഉണ്ടാകുമ്പോഴും നിരന്തരം വെള്ളത്തിൽ ഇറങ്ങേണ്ടി വരുന്ന ലാസ്കർ തസ്തികയിലെ ജീവനക്കാർക്ക് പുതുതായി ഏർപ്പെടുത്തിയിരിക്കുന്ന യൂണിഫോം കോഡ് വളരേയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ